## പതിനാലാം കേരളനിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 298** **07.10.2016 ൽ മറുപടിയ്ക്ക്**

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ നടപടിക്രമങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. പി.കെ.അബ്ദു റബ്ബ്**<br>**ശ്രീ. അബ്ദുൽ ഹമീദ് പി.**<br>**ശ്രീ. എൻ .എ.നെല്ലിക്കുന്ന്**<br>**ശ്രീ. പി.കെ.കുഞ്ഞാലിക്കുട്ടി** | **ഡോ.കെ.ടി ജലീൽ**<br>**(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി )** |
| (എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിൽ നിലനിൽക്കുന്ന സങ്കീർണ്ണമായ നടപടിക്രമങ്ങൾ പൊതുജനങ്ങൾക്ക് അനാവശ്യമായ ക്ലേശത്തിനും സമയനഷ്ടത്തിനും ഇടവരുത്തുന്ന സ്ഥിതി വിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ചില സംഗതികളിൽ കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ലളിതമായ സേവനങ്ങൾക്കു പിന്നിലെ സങ്കീർണ്ണമായ നടപടിക്രമങ്ങൾ അഴിമതി നടത്താൻ ഉദ്യോഗസ്ഥർക്ക് സൗകര്യമൊരുക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഇല്ല. |
| (സി) കെട്ടിട നമ്പർ നല്കൽ, കച്ചവട ലൈസൻസ് അനുവദിക്കൽ, അമ്പതു സ്ക്വയർ മീറ്ററിനു താഴെയുള്ള റെസിഡൻഷ്യൽ കെട്ടിടങ്ങൾക്ക് കൊമേഴ്സ്യൽ നമ്പർ അനുവദിക്കൽ എന്നീ സേവനങ്ങൾ ഓൺലൈനാക്കുന്നതിനും നടപടിക്രമങ്ങൾ ലഘൂകരിച്ച് ജനങ്ങളുടെ ബുദ്ധിമുട്ടുകളൊഴിവാക്കുന്നതിനും നടപടി സ്വീകരിക്കുമോ; | (സി) നഗരസഭകളിൽ കെട്ടിട നിർമ്മാണത്തിനുള്ള അപേക്ഷകൾ നിലവിൽ ഓൺലൈൻ മുഖാന്തിരവും സ്വീകരിച്ചുവരുന്നുണ്ട്. സേവനങ്ങളുടെ നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനും ഓൺലൈൻ സംവിധാനം കൂടുതൽ മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. |

(ഡി) തദ്ദേശ സ്ഥാപനങ്ങളിൽ സമർപ്പിക്കുന്ന അപേക്ഷകൾ തീർപ്പാക്കുന്നതിന് സമയപരിധി നിശ്ചയിച്ച് അതിനുള്ളിൽ തീരുമാനം അപേക്ഷകനെ അറിയിച്ചിട്ടില്ലെങ്കിൽ അപേക്ഷ അംഗീകരിച്ചതായി കരുതത്തക്ക വിധം ബന്ധപ്പെട്ട നിയമങ്ങളിൽ ഭേദഗതി വരുത്തുമോ?

(ഡി) കേരള പഞ്ചായത്ത് രാജ് ആക്റ്റിലും കേരള മുനിസിപ്പാലിറ്റി ആക്റ്റിലും, കൂടാതെ സേവനാവകാശ നിയമത്തിന്റെ പരിധിയിലും ഉൾപ്പെട്ടിട്ടുള്ള സേവനങ്ങൾക്ക് നിശ്ചിത സമയപരിധി നിശ്ചയിച്ച് വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് ആക്റ്റ്, കേരള മുനിസിപ്പാലിറ്റി ആക്റ്റ് എന്നിവ പ്രകാരം ലൈസൻസിനോ, അനുവാദത്തിനോ, രജിസ്ട്രേഷനോ ഉള്ള അപേക്ഷകൾ സംബന്ധിച്ച തീരുമാനം നിശ്ചിത സമയപരിധിക്കുള്ളിൽ അപേക്ഷകനെ അറിയിച്ചിട്ടില്ലെങ്കിൽ, ആ അപേക്ഷ സാധാരണയായി അനുവദിക്കുമായിരുന്ന കാലം വല്ലതുമുണ്ടെങ്കിൽ അക്കാലത്തേയ്ക്ക് സാധാരണയായി വിധേയമാക്കപ്പെടുമായിരുന്ന നിയമത്തിനും ചട്ടങ്ങൾക്കും ബൈലാകൾക്കും എല്ലാ നിബന്ധനകൾക്കും വിധേയമായും അനുവദിക്കപ്പെട്ടിരുന്നതായി കരുതേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്യുന്നു. ആയതിനാൽ ഇക്കാര്യത്തിൽ നിയമഭേദഗതി ആവശ്യമില്ല.

സെക്ഷൻ ഓഫീസർ